**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6212** **10-07-2024 - ൽ മറുപടിയ്ക്ക്**

**വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചുമതലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നിലവിലെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കേരള ഫോറസ്റ്റ് കോഡ് Volume-1, ചട്ടം 3.3.3 പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുള്ളതാണ്. കേരള വനം വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തിക നിലവിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയായി മാറ്റിയിട്ടുണ്ട്. നിലവിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചുമതലകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സർക്കാരിൽ നിന്നും വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ ചുമതലകൾ അംഗീകരിച്ച് സർക്കാർ പുറപ്പെടുവിച്ച 25/7/2022-ലെ സ.ഉ.(കൈ)നമ്പർ 52/2023/ജി.എ.ഡി. ഉത്തരവിലെ വ്യവസ്ഥകൾ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 25.04.2023 ലെ സ.ഉ.(കൈ) നമ്പർ 52/2023/ ജി.എ.ഡി ഉത്തരവ് പ്രകാരം, സർക്കാരിലെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള പൊതുഭരണ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുൾപ്പെടെയുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സ്പെഷ്യൽ ഓഫീസർമാർ എന്നിവർക്ക് ചുമതലകളും കർത്തവ്യങ്ങളും നിക്ഷിപ്തമാക്കിക്കൊണ്ടും അധികാര പ്രത്യായോജനം അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>എന്നാൽ തുടർന്ന് 11.10.2023-ലെ സ.ഉ.(കൈ) നമ്പർ 161/2023/ജി.എ.ഡി പ്രകാരം സർക്കാരിൽ നിന്നും വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെയും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെയും ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കി പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മേൽ ഉത്തരവിലെ വ്യവസ്ഥകൾ വനം വകുപ്പിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 25.04.2023 ലെ സ.ഉ.(കൈ) നമ്പർ 52/2023/ ജി.എ.ഡി ഉത്തരവ് പ്രകാരം, സർക്കാരിലെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള പൊതുഭരണ സെക്രട്ടേറിയറ്റിലെ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുൾപ്പെടെയുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സ്പെഷ്യൽ ഓഫീസർമാർ എന്നിവർക്ക് ചുമതലകളും കർത്തവ്യങ്ങളും നിക്ഷിപ്തമാക്കിക്കൊണ്ടും അധികാര പ്രത്യായോജനം അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>എന്നാൽ തുടർന്ന് 11.10.2023-ലെ സ.ഉ.(കൈ) നമ്പർ 161/2023/ജി.എ.ഡി പ്രകാരം സർക്കാരിൽ നിന്നും വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെയും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെയും ചുമതലകളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കി പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മേൽ ഉത്തരവിലെ വ്യവസ്ഥകൾ വനം വകുപ്പിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

* മിനിസ്റ്റീരിയൽ നോൺ ഗസറ്റഡ് വിഭാഗം ജീവനക്കാരുടെ നിയമനം, സ്ഥലം മാറ്റം, സ്ഥാനക്കയറ്റം, സീനിയോറിറ്റി ലിസ്റ്റ് എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ

* ഡി പി സി യുമായി ബന്ധപ്പെട്ട ഫയലുകൾ
* അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ വിവരാവകാശ നിയമപ്രകാരമുള്ള Appellate Authority.
* ഗസറ്റഡ് ജീവനക്കാരുടെ എസ്റ്റാബ്ലീഷ്മെന്റ്, പെൻഷൻ ഫയലുകൾ
* ആശ്രിത നിയമനവുമായി ബന്ധപ്പെട്ട ഫയലുകൾ
* എല്ലാവിധ രജിസ്റ്ററുകളുടെയും മേൽനോട്ടം
* നോൺ ഗസറ്റഡ് ജീവനക്കാർക്ക് പി. എസ്. സി യുമായി ബന്ധപ്പെട്ട കത്തിടപാടുകൾ നടത്തുന്നതിനുള്ള ഫയലുകൾ
* വകുപ്പിലെ പട്ടികജാതി.പട്ടികവർഗ/ഭിന്നശേഷി വിഭാഗങ്ങളുടെ ഫയലുകൾ
* മിനിസ്റ്റീരിയൽ നോൺ ഗസറ്റഡ് ജീവനക്കാരുടെ പി എസ് സി. ഇ-വേക്കൻസി റിപ്പോർട്ടിങ്
* വകുപ്പിലെ ഭരണഭാഷ, ഭാഷാ പരോഗതി എന്നിവ സംബന്ധിച്ച ഫയലുകൾ
* വാർഷിക ഭരണ നിർവഹണ റിപ്പോർട്ടുകൾ സംബന്ധിച്ച ഫയലുകൾ
* O & M ഇന്റേർണൽ ഓഡിറ്റ് സംബന്ധിച്ച ഫയലുകൾ
* കേരള നിയമസഭാ സമിതിയുമായി ബന്ധപ്പെട്ട ഫയലുകൾ
* SPARK/BIMS സംബന്ധിച്ച ഫയലുകൾ
* ഹൗസ് ബിൽഡിംഗ് അഡ്വാൻസ്/SLI/GIS/Medical Reimbursement/GPF സംബന്ധിച്ച ഫയലുകൾ
* സർക്കാർ തലത്തിലുള്ളതും വകുപ്പ് തലത്തിലുള്ളതുമായ വിവിധ മീറ്റിംഗ് സംബന്ധിച്ച ഫയലുകൾ
* ദിവസവേതനക്കാരുടെ വിഷയങ്ങൾ സംബന്ധിച്ച ഫയലുകൾ
* റെക്കോർഡ്സ് /സ്റ്റേഷനറി സംബന്ധിച്ച ഫയലുകൾ
* തപാൽ സെക്ഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ
* വനം വകുപ്പാസ്ഥാനത്തെ എസ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച ഫയലുകൾ
* മേൽവിഷയങ്ങളുമായി ബന്ധപ്പെട്ട കോടതി കേസുകൾ സംബന്ധിച്ച ഫയലുകൾ
* ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്ഫോറസ്റ്റ് കണസർവേറ്റർ നൽകുന്ന മറ്റു ചുമതലകൾ.

Noushad

സെക്ഷൻ ഓഫീസർ